# വിവരാവകാശനിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ.

From,

ശരൺ. എം
ഗണപതിത്തറയിൽ (H), തുറവൂർ പി.ഒ, ചേർത്തല
ആലപ്പുഴ PIN: 688 532

To,

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് 15855

**വിഷയം: വിവരാവകാശനിയമം 2005 പ്രകാരം താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കുക.**

***ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ Adv.C3/149/18/P&ARD പ്രകാരം 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ ഉണ്ടാവുന്ന പ്രതീക്ഷിത ഒഴിവുകൾ 1-09-2018 മുൻപായി താങ്കളുടെ ഡിപ്പാർട്ടമെന്റിലെ നിയമന അധികാരി പി. എസ്.സി ക്കു റിപ്പോർട്ട് ചെയ്യണ്ടതായും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടി എടുക്കേണ്ടതായും ഉണ്ട്.ചോദ്യം ഒന്നും അതിന്റെ അനുബന്ധ ചോദ്യങ്ങളും ഇതിനെ സംബന്ധിച്ചുള്ളതാണ്.***

1 - സർക്കുലർ Adv.C3/149/18/P&ARD പ്രകാരം താങ്കളുടെ ഡിപ്പാർട്മെന്റിൽ നിന്നും ആലപ്പുഴ ജില്ലാ psc യിലേക്ക് ഇതുവരെ എത്ര പ്രതീക്ഷിത LDC (ക്ലർക്ക്/തതുല്യ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന വിവരം നൽകുക

1a- ടി സർക്കുലർ പ്രകാരം എത്ര LDC ഹെഡ്ക്വാർട്ടർസ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന വിവരം നൽകുക.

1b- ടി സർക്കുലർ പ്രകാരം ഈ അപേക്ഷക്കു മറുപടി തയ്യാറാക്കിയ ദിവസം വരെ LDC ഒഴിവുകൾ ഒന്നും തന്നെ ആലപ്പുഴ ജില്ലാ psc യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുകയോ അല്ലെങ്കിൽ ടി കാരണങ്ങൾ ഉള്ള ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകുകയോ ചെയ്യുക.

***ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 08/02/ 2016 ലെ സർക്കുലർ നമ്പർ 22448/എ. ആർ.12(1)/2015 പ്രകാരവും,പതിനാലാം കേരള നിയമസഭയിലെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6321 നു ബഹു മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ 08-11-2016 ൽ നൽകിയ മറുപടി പ്രകാരവും താങ്കളുടെ വകുപ്പ് ,വിവിധ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ psc ക്ക് റിപ്പോർട്ട് ചെയ്യുന്നതും കൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സേവനാവകാശനിയമം 2012 പ്രകാരം താങ്കളുടെ വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കണം എന്നു നിർദ്ദേശിച്ചിരുന്നു. ചോ[illegible] രണ്ടും അനുബന്ധ ചോദ്യങ്ങളും പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ളതാണ്.***

2- താങ്കളുടെ ഡിപ്പാർട്ടമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചുണ്ടോ എന്ന വിവരം നൽകുക. ഉണ്ടെങ്കിൽ വിജാപനത്തിന്റെ നമ്പർ നൽകുക.

2a- താങ്കളുടെ ഡിപ്പാർട്ടമെന്റ് ഇതു വരെ താങ്കളുടെ ഡിപ്പാർട്ടമെന്റിലെ ഒഴിവുകൾ psc ക്കു റിപ്പോർട്ട് ചെയ്യുന്നത സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുകയോ ടി കാരണങ്ങൾ ഉള്ള ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകുകയോ ചെയ്യുക.

2b-- താങ്കളുടെ ഡിപ്പാർട്ടമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഒഴിവുകൾ നിലവിൽ വന്നാൽ സേവനാവകാശ നിയമപ്രകാ എത്ര ദിവസത്തിനു ഉള്ളിൽ ഒഴിവുകൾ psc ക്കു റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട് എന്ന വിവരം നൽകുക.(ദിവസത്തിൽ )

**ആവശ്യപ്പെടുന്ന വിവരങ്ങൾ ഏതെങ്കിലും ആവശ്യപ്പെടുന്ന രീതിയിൽ ലഭ്യമല്ല എങ്കിൽ ലഭ്യമായ രീതിയിൽ നൽകേണ്ടതാണ്.വിവരങ്ങൾ ലഭിക്കാനും പകർപ്പുകൾ എടുക്കാനും വേണ്ടി വരുന്ന അധിക തുക എങ്ങനെ കണക്കു കൂട്ടി എന്നും എപ്രകാരം ആണ് അടക്കേണ്ടതെന്നും മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.വിവരങ്ങൾ ഏതെങ്കിലും താങ്കളുടെ ഓഫീസിൽ ലഭ്യമല്ല, താങ്കളുടെ അധികാര പരിധിയിൽ പെട്ട മറ്റു ഓഫിസുകളിൽ ലഭ്യമാണ് എങ്കിൽ ആർ.ടി. ഐ ആക്റ്റ് സെക്ഷൻ *6(3)* പ്രകാരം *5* ദിവസത്തിനുള്ളിൽ അപേക്ഷയുടെ പകർപ്പ് പ്രസ്തുത ഓഫീസിലേക്ക് അയച്ചു കൊടുക്കുവാനും ആ വിവരം എന്നെ രേഖാമൂലം അറിയിക്കാനും അപേക്ഷിക്കുന്നു. ഈ അപേക്ഷയെ സംബന്ധിച്ച എല്ലാ വിധ രേഖകളും / റെക്കോർഡുകളും / രജിസ്റ്റർ ബുക്കുകളും (ഡിജിറ്റൽ രേഖകൾ ഉൾപ്പെടെ) വേണ്ടി വന്നാൽ നേരിട്ടു പരിശോധിക്കുന്നതിനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനും *RTI* ആക്ട് സെക്ഷൻ *2(j)* പ്രകാരം അവസരം നൽകേണ്ടതാണ്**

വിശ്വസ്തതയോടെ,

തീയതി:

പേര് : ശരത്.എം

സ്ഥലം: തിരുവനന്തപുരം

ഒപ്പു : [signature]